# സഹൃദയ വീഥി

**വെൽഫെയർ സർവീസസ് എറണാകുളം**

**പ്രതിവാര വാർത്താ പത്രിക**

Vol. : 1 | 03 May 2021 | Issue : 6


## രക്തദാനവുമായി സഹൃദയ സമരിറ്റൻസ്




കോവിഡ് കാലത്ത് രക്തം ആവശ്യമായി വരുന്ന രോഗികൾക്കായി രക്തദാനം നടത്തി എറണാകുളം—അങ്കമാലി അതിരൂപതയുടെ സന്നദ്ധപ്രവർത്തന കൂട്ടായ്മയായ സഹൃദയ സമരിറ്റൻസ്. എറണാകുളം ജനറൽ ആശുപത്രിയിൽ സമരിറ്റൻസ് അംഗങ്ങളായ മുപ്പതോളം യുവാക്കളാണ് രക്തദാനം നടത്തിയത്. 18 വയസിനു മുകളിൽ പ്രായമുള്ളവർക്കും അടുത്തയാഴ്ച മുതൽ വാക്സിൻ ലഭ്യമാക്കുന്ന സാഹചര്യത്തിൽ രക്തദാതാക്കളുടെ കുറവ് അനുഭവപ്പെട്ടേക്കാമെന്ന സാധ്യതയുള്ളതിനാൽ നേരത്തേ തന്നെ പരമാവധി രക്തം ശേഖരിച്ചുവയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് സഹൃദയ സമരിറ്റൻസ് രക്തദാന ക്യാമ്പ് സംഘടിക്കുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു. കോവിഡ് ഒന്നാം തരംഗകാലത്തും വൈദികർ ഉൾപ്പടെയുള്ള സമരിറ്റൻസ് പ്രവർത്തകർ രക്തദാനം നടത്തിയിരുന്നു. രക്തം ദാനം ചെയ്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ പ്രീതി വിതരണം ചെയ്തു. രക്തദാന ക്യാമ്പിന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അൻസിൽ മയ്പാൻ , സമരിറ്റൻസ് കോഓർഡിനേറ്റർ ലാലച്ചൻ കെ. ജെ. എന്നിവർ നേതൃത്വം നൽകി

## കോവിഡ് മൃതസംസ്കാരത്തിന് സമരിറ്റൻസ് നേതൃത്വം നൽകി



തൃപ്പൂണിത്തുറയിൽ കോവിഡ് ബാധിച്ചു മരിച്ച എഴുപത്തൊന്നുകാരന്റെ മൃതസംസ്കാരം സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ നടത്തി കോവിഡ് ബാധിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ച തൃപ്പൂണിത്തുറ സ്വദേശി ജോർജ്ജ് ജോയിയുടെ സംസ്കാരമാണ് തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനാ പള്ളി സിമിത്തേരിയിൽ സഹവികാരി ഫാ. ജെസാബ് ഇഞ്ചക്കാട്ടുമണ്ണിലിന്റെ കാർമികത്വത്തിൽ നടത്തിയത്. എറണാകുളം അങ്കമാലി അതിരൂപതയുടെ സന്നദ്ധസേവന വിഭാഗമായ സഹൃദയ സമരിറ്റൻസ് പ്രവർത്തകരായ അനന്തു ഷാജി, ഷാനോ ജോസ്, ഷിംജോ ദേവസ്യ, സിജിൻ ജോയ് എന്നിവരാണ് സംസ്കാരകർമ്മത്തിൽ സഹായികളായത്.

## ബ്രദർ റോജിന് യാത്രയയപ്പ്

ഒരുവർഷക്കാലം സഹൃദയയിൽ റീജിയൻസി ബ്രദറായി സേവനം ചെയ്ത് തുടർ പഠനത്തിനായി പോകുന്ന ബ്രദർ റോജിന് സഹൃദയ കുടുംബം സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. ദൈവശാസ്ത്ര പഠനത്തിനായി തലശേരി സെമിനാരിയിലേക്കാണ് ബ്രദർ പോകുന്നത്. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന്റെ അധ്യക്ഷതയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചേർന്ന യാത്രയയപ്പ് സമ്മേളനത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അൻസിൽ മൈപ്പാൻ, ലാലച്ചൻ കെ.ജെ, ചിന്നു, ഷിംജോ ദേവസ്യ, റിയ റോസിലിൻ, ആഷ്ബിൻ, അനൂപ് ആൻറണി എന്നിവർ സംസാരിച്ചു. സിസ്റ്റർ ആൻജോ ആമുഖ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

